LIBRARY ARCHIVES Kerala Legislative Assembly

## കുമാരി അശ്വതി എസ്.എസ്.-ന് ആശ്രിതനിയമനം

133 (5284) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ വിദ്യാഭ്യാസ ഉപജില്ലയിലെ പുതിയകണ്ടം ഗവൺമെന്റ് യു. പി. സ്കൂൾ സംസ്കൃതാദ്ധ്യാപകനായിരിക്കെ മരണമടഞ്ഞ ടി. നാരായണന്റെ മകൾ കുമാരി അശ്വതി എസ്.എസ്. ആശ്രിതനിയമനത്തിന് അപേക്ഷ സമർപ്പിച്ചത് എപ്പോഴാണ്;

(ബി) കുമാരി അശ്വതി എസ്.എസ്.-ന്റെ ആശ്രിത നിയമന അപേക്ഷ സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കുമാരി അശ്വതി എസ്.എസ്.-ന് നിലവിലെ സീനിയോറിറ്റി പ്രകാരം എപ്പോൾ നിയമന ഉത്തരവ് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുമാരി.അശ്വതി എസ്.എസ്. ആശ്രിതനിയമനത്തിനായി 12-5-2012-ൽ സമർപ്പിച്ച അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന 9-4-2013-ന് സർക്കാരിൽ ലഭിച്ചു.

(ബി) പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ കുമാരി അശ്വതി എസ്.എസ് 11- ാമതായി ഉൾപ്പെട്ടിട്ടുണ്ട്.

(സി) ആശ്രിതനിയമന വ്യവസ്ഥ പ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ കുമാരി അശ്വതിയുടെ ഊഴം എത്തുന്നമുറയ്ക്ക് നിയമനത്തിനായി തസ്തിക നിർണ്ണയിച്ചു നൽകുന്നതാണ്.

## ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ എൽ.ഡി.ക്ലാർക്ക് തസ്തിക

134 (5285) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിലെ എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ 2014-2018 കാലയളവിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; നിയമനം ലഭിച്ചവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ, നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിലല്ലാതെ ആർക്കെങ്കിലും ഈ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം ലഭ്യമാക്കാമോ;

(ഡി) അപ്രകാരം നിയമനം നേടിയവരുടെ വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകളിലെ നിയമന യോഗ്യതകൾ സംബന്ധിച്ച് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ നിലവിലുള്ള സർക്കാർ അംഗീകരിച്ച സർവ്വീസ് ആന്റ് കോൺടക്റ്റ് റൂൾസ് പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യത ചുവടെ ചേർക്കുന്നു:-

1. B.Com or B.Sc. (Maths)
2. KGTE Typewriting English (Higher)
3. Two years experience in clerical job/office accounts in Govt./Quasi Govt.firms/Institutions.

(ബി) പ്രസ്തുത തസ്തികയിൽ 2014-18 കാലയളവിൽ 3 പേരെ നിയമിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത | തൊഴിൽ പരിചയം |
|---|---|---|---|
| 1. | ശ്രീ.കൃഷ്ണൻ കുട്ടി. വി | M.com, Typewriting English (Higher) | പാലക്കാട് ജില്ലാ പട്ടിക ജാതി വികസന ഓഫീസിൽ 2 വർഷത്തെ പ്രവൃത്തി പരിചയം |
| 2. | ശ്രീമതി ഷീജാറാണി. ആർ | M.com, Typewriting English (Higher) | കേരള യൂണിവേഴ്സിറ്റിയുടെ എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീമിൽ 2 വർഷത്തെ പ്രവൃത്തി പരിചയം |
| 3. | ശ്രീമതി അഖില. വി.ജെ.കുമാർ | B.com, Typewriting English (Higher) | കേരളാ ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ 2 വർഷത്തെ പ്രവൃത്തി പരിചയം |

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കാലയളവിൽ നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിലല്ലാതെ ഈ തസ്തികയിൽ ആർക്കും നിയമനം നല്കിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ശ്രീമതി അഖില. വി. ജെ കുമാറിന് നിയമനം നൽകിയതുമായി ബന്ധപ്പെട്ട് പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ള ശ്രീമതി ആരതി.പി.എസ്. ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി W.P.(C)No.25910/16 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ പ്രവർത്തനം**

135 (5286) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ പ്രവർത്തനത്തിന്മേൽ എന്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No.4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുമുണ്ട്.

**ഡി.പി.ഐ. ഓഫീസിൽനിന്നും ഫയലിൽ മറുപടി നൽകാൻ വൈകുന്നതിനുള്ള കാരണം**

136 (5287) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽനിന്ന് ഡി.പി.ഐ. ഓഫീസിലേക്ക് റിപ്പോർട്ടിനായി നൽകിയ 57776/എഫ് 1/2015/ജി. ഇ. ഡി. എൻ. തീയതി 25-10-2017

LIBRARY ARCHIVES Kerala Legislative Assembly